## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3324 — 25.06.2012-ൽ മറുപടിക്ക്

## നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ബാറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിയമവിരുദ്ധമായി ബാറുകൾ പ്രവർത്തിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഇല്ല. എന്നാൽ, കണ്ണൂർ ജില്ലയിലെ സ്കൈ പാലസ് എന്ന ഹോട്ടൽ, ദൂര പരിധി ലംഘിച്ച്, കോടതി വിധി യുടെ അടിസ്ഥാനത്തിൽ, പ്രവർ ത്തിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര ബാറുകൾ പ്രവർത്തിക്കുന്നുവെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇത്തരം ബാറുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (സി) | കണ്ണൂരിലുള്ള ഹോട്ടൽ സ്കൈ പാലസിന്റെ ബാർ ലൈസൻസ്, 10.8.2009 തീയതിയിലെ ഉത്തരവിലൂടെ എക്സൈസ് കമ്മീഷണറും, 1.10.2011 തീയതിയിലെ ഉത്തരവിലൂടെ സർക്കാരും റദ്ദ് ചെയ്തിരുന്നു. എന്നാൽ, മേൽപ്പടി ഉത്തരവുകൾക്കെതിരെ ഹോട്ടൽ സ്കൈ പാലസ്, ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, മേൽപ്പടി കേസിൽ ബഹു: ഹൈക്കോടതി സ്റ്റാറ്റസ്കോ പാലിക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ കേസ്സിന്മേലുള്ള എതിർ സത്യവാങ്മൂലം ബഹു: കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.